# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലവടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.11/173/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലവടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലവടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലവടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.11/173/2023 തീയ്യതി: 23/03/2023

## ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-09-2021 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 27-01-2023 | 04-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-01-2023 | 04-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീദേവി.പി,ഓഡിറ്റ് ഓഫീസർ
ശ്രീമതി.എ.ഡി.ബീന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.പ്രീത, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഗായത്രി ബി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| നായർ | | | |
| ശ്രീമതി.ബേബി സരോജം ഡി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.ടോണി തോമസ് മാത്യു | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.ഷെയ്സ്റ്റ.എസ്.എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.സജിത ആർ കുറുപ്പ് | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ.ഈതൽ ദാസ് | വെറ്ററിനറി സർജൻ | 01-04-2021 | 14-03-2022 |
| ഡോ.ഭാഗ്യശ്രീ.എം | വെറ്ററിനറി സർജൻ | 15-03-2022 | 31-03-2022 |
| ശ്രീ. സുനിൽകുമാർ.എം.ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി .സ്മിത.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി .ജിഷമോൾ എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി .പ്രമീള എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 04-11-2021 |
| ശ്രീമതി .രജിത ആർ കുമാർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 05-11-2021 | 31-03-2022 |
| ശ്രീമതി .രാജി.ആർ.നായർ | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി .രാജി.എസ്.നായർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക - ന്യൂനതകൽ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേമെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-10 |
| 12 | തൊഴിൽ നികുതി - അർദ്ധവർഷവരുമാനത്തിനനുസൃതമായി തുക ഈടാക്കിയില്ല-150/-രൂപയുടെ നഷ്ടം | 1-11 |
| 13 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല | 1-12 |
| 14 | കുടിവെള്ള വിതരണം -പൈപ്പ്ലൈൻ വലിക്കൽ- - പ്രോജക്റ്റ് വിവരം ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല | 1-13 |
| 15 | സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി- | 1-14 |
| 16 | ലൈഫ് മിഷൻ- ഭവന നിർമ്മാണം ഘട്ടം 2, ഘട്ടം 3 -പട്ടികജാതി വിഭാഗം -പ്രവൃത്തി ആരംഭിച്ചില്ല -80,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-15 |
| 17 | ഐ.കെ.എം. വിഹിതം- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തുക 60,640/- തടസ്സപ്പെടുത്തുന്നു | 1-16 |
| 18 | പാലിയേറ്റീവ് കെയർ - ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായില്ല - 10,214/-തടസ്സപ്പെടുത്തുന്നു | 1-17 |
| 19 | ഹോമിയോ ഡിസ്പെൻസറിക്കു മരുന്നു വാങ്ങൽ.(പ്രോജക്റ്റ് നം.62/22)- മരുന്നുകളുടെ സ്റ്റോക്ക് വിതരണരേഖകൾ ഹാജരാക്കിയില്ല-1,65,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 20 | സുഭിക്ഷകേരളം- പച്ചക്കറി കൃഷി ഗ്രോബാഗ്(എസ്.സി)-അപാകതകൾ | 1-19 |
| 21 | ചട്ടിയോടുകൂടി കുറ്റികുരുമുളക് തൈ വിതരണം(എസ്.സി)- 1,62,600/-തടസ്സപ്പെടുത്തുന്നു | 1-20 |
| 22 | നിക്ഷേപ പ്രവൃത്തികൾ- ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-21 |

| | | |
|---|---|---|
| | -54,43,993/- തടസ്സപ്പെടുത്തുന്നു | |
| 23 | നെൽവിത്ത് സബ്സിഡി 8,23,024/- രൂപ തടസ്സപ്പെടുത്തുന്നു | 1-22 |
| 24 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്-1,36,145/-രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| 25 | സുഭിക്ഷകേരളം- പച്ചക്കറി കൃഷി ഗ്രോബാഗ്- അപാകതകൾ | 1-24 |
| 26 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം - പൊതു അപാകതകൾ | 1-25 |
| 27 | കാലിവീപ്പയുടെ വില തനതുഫണ്ടിൽ ഒടുക്കുന്നു | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സുഭിക്ഷകേരളം- പച്ചക്കറി കൃഷി ഗ്രോബാഗ്- 4,32,000/-രൂപ തടസ്സപ്പെടുത്തുന്നു. 3,000/- നിരാകരിക്കുന്നു | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 19.3.2021 തീയതിയിലെ 1(1)നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 20,70,27,367 | 20,08,06,800 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡീച്ചർ പത്രിക) | 14,47,23,116 | 13,83,71,027 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 30.05.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രിക - ന്യൂനതകൾ

2021-22 ലെ വാർഷിക ധനകാര്യ പത്രികയിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1)താഴെ ചേർക്കുന്ന ഫണ്ടിനങ്ങളുടെ ചെലവിൽ വ്യത്യാസം നിലനിൽക്കുന്നു.

| ഫണ്ട് | വാർഷിക കണക്ക് (I-6)പ്രകാരം | ACR പ്രകാരം | സുലേഖ ചെലവ് പത്രിക പ്രകാരം |
|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 1,25,28,600 | 1,14,30,105 | 1,35,36,000 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 69,12,931 | 72,65,655 | 69,12,931 |
| ധനകാര്യകമ്മീഷൻ അവാർഡ് | 60,15,732 | 62,41,732 | 60,33,752 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 35,18,396 | 35,81,896 | 35,18,396 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 11,88,507 | - | 12,28,827 |

2) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം Beneficiary Contribution ഇനത്തിൽ 2,07,200/-രൂപ നിലനിൽക്കുന്നു. ഏതൊക്കെ നിർവ്വഹണ ഉദ്യോഗസ്ഥരുടേതെന്ന് (വർഷം തിരിച്ച്) വിവരം ലഭ്യമല്ല.

3) പെർമിറ്റ് സംബന്ധിച്ച രജിസ്റ്ററിൽ ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

4) വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കും സഞ്ചയ റിപ്പോർട്ടും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5) വാർഷിക കണക്ക് RP-38 പ്രകാരം, Fixed Assets ഹെഡിൽ Drinking Water-pipe Line എന്നതിന് 207980/- ചെലവഴിച്ചു. എന്നാൽ പ്രസ്തുത ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

6) വാർഷിക കണക്ക് I-6 പ്രകാരം Nrega ചെലവ് 3,33,09,565/-രൂപയും I-14(a) പ്രകാരം 3,32,00,629/- രൂപയുമാണ്. തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.22/04.02.23) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 90,18,134 |
| വരവ് | 6,69,98,091 |
| ആകെ | 7,60,16,225 |
| ചെലവ് | 6,36,61,508 |
| നീക്കിയിരിപ്പ് | 1,23,54,717 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ഉറവിടത്തിൽ കുറവ് ചെയ്തത് | ആകെ | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,15,15,341 | 2251921 | 13767262 | 13682026 | 85236 (ലാപ്സായി) |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 48,04,154 | 134146 | 4938300 | 4502834 | 435466 (ലാപ്സായി) |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 56,12,802 | 0 | 56,12,802 | 35,81,896 | 20,30,906 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 1,76,73,800 | 0 | 1,76,73,800 | 72,65,655 | 1,04,08,145 |
| 13-ാം ധനകാര്യ കമ്മീഷൻ | 0 | 72,54,389 | 0 | 72,54,389 | 35,92,063 | 36,62,326 |

| | | | | | | |
|---|---|---|---|---|---|---|
| അവാർഡ് (ടൈഡ്) | | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (അൺടൈഡ്) | 0 | 37,92,521 | 0 | 37,92,521 | 26,49,669 | 11,42,852 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 154 | 6,26,31,044 | 115 | 4,32,68,030 | 48 | 39 | 43.50 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2,869 | 14,16,696 | 14,19,565 | 14,16,613 | 2,952 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,33,09,565 | 3,33,09,565 | 3,33,09,565 | 0 |
| ആകെ | 2,869 | 3,47,26,261 | 3,47,29,130 | 3,47,26,178 | 2952 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 68,520 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 1,69,25,400 | 1124 |
| വിധവാ പെൻഷൻ | 99,46,500 | 684 |
| വാർദ്ധക്യകാല പെൻഷൻ | 2,55,16,300 | 1899 |
| വികലാംഗ പെൻഷൻ | 39,81,000 | 266 |
| അവിവാഹിത പെൻഷൻ | 5,88,800 | 38 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 1,50,000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.01.2023, 3.40 Pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,568/- രൂപ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്ത് പ്രവർത്തിക്കുന്ന ഓഫീസ് കെട്ടിടം ആകെ ജീർണ്ണിച്ച് നാശോന്മുഖമായ അവസ്ഥയിലാണ്. നിലവിൽ ഫിറ്റ്നസ് പോലുമില്ലാത്ത ഈ കെട്ടിടത്തിലാണ് ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കുന്നത്. വളരെയധികം പരിമിതികൾക്കുള്ളിലാണ് ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടക്കുന്നത്. ഉപയോഗയോഗ്യമായ ഒരു ശുചിമുറിയോ ഫയലുകളും രേഖകളും സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളോ പഞ്ചായത്ത് ഓഫീസിൽ ഇല്ല. കെട്ടിടം ചോർന്ന് ഒലിക്കുന്ന അവസ്ഥയിലായതിനാൽ ഫയലുകളും മറ്റുരേഖകളും സൂക്ഷിക്കുന്നതിൽ അധികൃതർക്ക് വളരെയധികം ബുദ്ധിമുട്ട് നേരിടുന്നു. ജീവനക്കാർക്ക് സുഗമമായി ജോലി ചെയ്യുന്നതിനുള്ള സ്ഥലസൗകര്യങ്ങളോ, വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന പൊതുജനങ്ങൾക്ക് ഇരിക്കാനുള്ള സൗകര്യങ്ങളോ പഞ്ചായത്ത് ഓഫീസിൽ ഇല്ല. ഓഫീസ് കെട്ടിടം നവീകരിച്ച് ഫിറ്റ്നസ്, ഐ എസ് ഒ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

3) സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ ലഭ്യമല്ല. സ്റ്റോക്ക് എൻട്രി ചുമതലപ്പെട്ട ഉദ്യോഗസ്ഥരാരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4) തെരുവ് വിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5) ഫർണിച്ചർ, സ്റ്റേഷനറി എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എങ്കിലും, വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
6) ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
7) ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.
8) തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെയൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
9) തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.
10) സംയുക്തപരിശോധനയ്ക്കു ശേഷവും വാട്ടർ ചാർജ്ജിൽ കുറവു വരുത്തിയിട്ടില്ല. മുൻകാലങ്ങളിൽ സോഴ്സ് ഡിഡക്ഷൻ നടത്തിയ തുകകൾ അടയ്ക്കാനുള്ള തുകയുടെ കണക്കിൽ നിന്നും കുറവ് ചെയ്തതിന് രേഖകളില്ല.
11) ഇൻകുമ്പൻസി രജിസ്റ്ററിൽ ജീവനക്കാരുടെ പേരും ഉദ്യോഗപ്പേരും രേഖപ്പെടുത്തുന്നുണ്ടെങ്കിലും അവരുടെ സ്ഥിരം മേൽവിലാസം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.-

1) ആസ്തി രജിസ്റ്ററിൽ റോഡുകളുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ളതിൽ അവസാന മെയിന്റനൻസ് വിവരങ്ങൾ, വാർഡ് നം., തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല.

2) ജംഗമ വസ്തുക്കളുടെ വിവരങ്ങൾ (അവയുടെ വില, വാങ്ങിയ തീയതി, ആരുടെ കൈവശം സൂക്ഷിച്ചിരിക്കുന്നു,)തുടങ്ങിയ വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) 2021-22 ലും, അതിന് മുൻപുള്ള വർഷങ്ങളിലും വളരെയധികം റോഡുകളും, കെട്ടിടങ്ങളും നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയുടെ വിവരങ്ങളൊന്നും തന്നെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(15/2.02.2023) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഭാവിയിൽ ഈ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി - അർദ്ധവർഷവരുമാനത്തിനനുസൃതമായി തുക ഈടാക്കിയില്ല-150/-രൂപയുടെ നഷ്ടം

| സ്ഥാപനം | ജീവനക്കാരന്റെ /ജീവനക്കാരിയുടെ പേര് | അർദ്ധവർഷം | തസ്തിക | ആകെ അർദ്ധവാർഷിക വരുമാനം | ചുമത്തേണ്ട തൊഴിൽ നികുതി | ചുമത്തിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| കൃഷി ഭവൻ | ഷൈനി ഈപ്പൻ, പാർട്ട് ടൈം സ്വീപ്പർ. | ഒന്നാം അർദ്ധവർഷം | | 63,510 | 600 | 450 | 150 |

തുക കുറവ് ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/02.02.23) മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന തുക 150/-രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു

തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്ത ജീവനക്കാർ

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| എം ഡി എൽ.പി. എസ്., മണലേൽ | II |
| ഗവ.സൗത്ത് യു.പി. എസ്., ആനപ്രാമ്പൽ | II |
| പോസ്റ്റ് ഓഫീസ്, ആനപ്രാമ്പൽ | II |
| വിജയ ഫൈനാൻസിയേഴ്സ് | 1&2 |
| റേഷൻ കടയുടമകൾ | 1&2 |
| കരാറുകാർ | 1&2 |

സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങൾ

| | |
|---|---|
| മാവേലി സ്റ്റോർ, തലവടി | I &II |

തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.11/02.02.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ/ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 കുടിവെള്ള വിതരണം -പൈപ്പ്ലൈൻ വലിക്കൽ- - പ്രോജക്ട് വിവരം ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല

2021-22 സാമ്പത്തിക വർഷം, ധനകാര്യ കമ്മീഷൻ അവാർഡിൽ (പ്രത്യേക ഉദ്ദേശ ഗ്രാന്റ്) 2,31,980/-രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്ത ഡിപ്പോസിറ്റ് വർക്ക് പ്രോജക്ടാണ് കുടിവെള്ള വിതരണം -പൈപ്പ്ലൈൻ വലിക്കൽ (പ്രോജക്ട് നം.S0105/22).

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി വാർഡ് 7 ൽ എട്ടിൽപാലം വ്യാസപുരം പാലം പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്ന പ്രവൃത്തിക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, തിരുവല്ല 2021/33761 നമ്പറായി 27.12.21 തീയതിയിൽ 2,10,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. ആയതിന് 2,07,980/-രൂപ 18.01.2022 ൽ കേരള വാട്ടർ അതോറിറ്റിയുടെ 39220001l0130637 നം.അക്കൗണ്ടിൽ നൽകി(UTR No. RBI0192261602239).

അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പ്രോജക്ടിന്റെ വിവരങ്ങൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ 2,07,980/-രൂപയുടെ ചെലവ് അക്കൗണ്ട് ചെയ്യപ്പെട്ടില്ല.

2) പ്രവൃത്തിയ്ക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, തിരുവല്ല യുമായി കരാർ ചമച്ചിട്ടില്ല.

3) പ്രവൃത്തി ആരംഭിച്ചതിന്റെ വിവരം ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 20/ 03.02.23) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 2,07,980/- തടസ്സപ്പെടുത്തുന്നു.

## 1-14 സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി-

പഞ്ചായത്തിലെ ക്ഷേമപെൻഷൻ വിതരണവിവരങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്ന് കണ്ടു. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിൽ വളരെയധികം കാലതാമസം വരുന്നു. പെൻഷൻ വിതരണ വിവരം താഴെ കൊടുക്കുന്നു .

1.ബാങ്ക് അക്കൌണ്ട് മുഖേന പെൻഷൻ ലഭിച്ചവർ-

| ക്രമ നം. | പേര് /വിലാസം | മരിച്ച തീയതി/ മരണ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ജോർജ്ജ് ജോൺ, പരുത്തിമൂട്ടിൽ, തലവടി | 04.04.2021/ 21.04.2021 | വാർദ്ധക്യകാല പെൻഷൻ 649153477387 | 5/2021- 11/2022വരെ 30,400/-രൂപ | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 2 | രവീന്ദ്രൻ നായർ, രതീഷ് ഭവൻ, തലവടി | 27.03.2021/ 22.04.2021 | വാർദ്ധക്യകാല പെൻഷൻ 463062791501 | 4/2021- 11/2022വരെ 32,000/-രൂപ | " |
| 3 | ശോശാമ്മ | 2.05.2021/ | വാർദ്ധക്യകാല | 6/2021- | " |

| | | | | | |
|---|---|---|---|---|---|
| | തോമസ്, പുത്തൻപറമ്പിൽ ഹൗസ് | 24.05.2021 | പെൻഷൻ 288074617346 | 8/2021വരെ 4,800/-രൂപ | |
| 4 | വിജയൻ, വള്ളികണ്ടത്തിൽ, തലവടി | 3.9.2021/ 30.09.2021 | വികലാംഗ പെൻഷൻ 849925501705 | 10/2021- 12/2021വരെ 4,800/-രൂപ | " |
| 5 | ചെല്ലമ്മ ഗോപാലൻ, മലിച്ചിറ | 28.08.2021/ 30.09.2021 | കർഷക തൊഴിലാളി പെൻഷൻ 876010318090 | 9/2021- 12/2021വരെ 6,400/-രൂപ | " |
| 6 | അയ്യപ്പൻ ജി. | 28.08.2021/ 05.10.2021 | വാർദ്ധക്യകാല പെൻഷൻ923143051300 | 9/2021, 10/2021 3,200/-രൂപ | " |
| | ആകെ | | | 81,600/- | |

മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുകയായ 81,600/-രൂപ അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈഡാക്കിഡിബിറ്റി സെല്ലിൽ ഒടുക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

2. സഹകരണ സൊസൈറ്റികൾ മുഖേന വിതരണം നടത്തിയത്-

ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്തിൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് കാലതാമസം നേരിടുന്നതായികാണുന്നു. ഇതുമൂലം സഹകരണ ബാങ്കുകളിലെ അക്കൗണ്ടിലേക്ക് തുക നൽകികൊണ്ടിരിക്കുന്നു.

മരണശേഷവും സഹകരണ ബാങ്കുകളിലേക്ക് (ഡയറക്ട് ടു ഹോം) പെൻഷൻ വിതരണം നടത്തുന്നതിന് തുക നൽകിയതിന് ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് /വിലാസം | മരിച്ച തീയതി/ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഗോപാലൻ കെ.കെ., കൊട്ടുത്തുശ്ശേരിൽ, തലവടി | 04.04.2021/ 21.04.2021 | കർഷക തൊഴിലാളി പെൻഷൻ 656716960847 | 5/2021-10 /2021വരെ = 9,600/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 2 | അന്നമ്മ ഐസക്ക്, ചൂരകടവ് വീട്, തലവടി | 22.03.2021/ 22.04.2021 | കർഷക തൊഴിലാളി പെൻഷൻ 258422959341 | 4/2021-10 /2021വരെ = 11,200/- | " |
| 3 | പൊന്നമ്മ ചാക്കോ, തോട്ടുകണ്ടത്തിൽ, തലവടി | 07.04.2021/26.04.2021 | കർഷക തൊഴിലാളി പെൻഷൻ760658809515 | 5/2021-10 /2021വരെ = 9,600/- | " |
| 4 | സുലോചന കെ., ഉത്തിക്കാട്ട് പറമ്പിൽ, തലവടി | 13.04.2021/ 26.04.2021 | കർഷക തൊഴിലാളി പെൻഷൻ288934308531 | 5/2021-10 /2021വരെ = 9,600/- | " |
| 5 | റേച്ചൽ എബ്രഹാം, വരമ്പത്ത് വടശ്ശേരിൽ, തലവടി | 05.04.2021/ 26.04.2021 | വാർദ്ധക്യകാല പെൻഷൻ | 5/2021-10 /2021വരെ = 9,600/- | " |
| 6 | വസന്തകുമാരിയമ്മ, | 12.04.2021/ | വികലാംഗ | 5/2021-10 | " |

| | | | | | |
|---|---|---|---|---|---|
| | മനക്കുളം ഹൗസ്, തലവടി | 24.05.2021 | പെൻഷൻ 694549037432 | /2021വരെ = 9,600/ | |
| 7 | ആനന്ദൻ, കൊല്ലശ്ശേരിൽ, തലവടി | 1o.05.2021/ 24.06.2021 | വാർദ്ധക്യകാല പെൻഷൻ 484753984344 | 5/2021-10 /2021വരെ = 9,600/ | ” |
| 8 | സണ്ണി കെ.ജെ., കാരശ്ശേരിൽ, തലവടി | 4.06.2021/ 24.06.2021 | വാർദ്ധക്യകാല പെൻഷൻ 486789751779 | 6/2021-10 /2021വരെ = 8,000/- | |
| 9 | ഫിലിപ്പോസ് തോമസ്, വീഴപുറത്ത്, പുത്തൻ പറമ്പിൽ, തലവടി | 13.05.2021/ 24.06.2021 | കർഷക തൊഴിലാളി പെൻഷൻ 234873062550 | 5/2021-10 /2021വരെ = 9,600/- | ” |
| 10 | ദാമോദരൻ ജയചന്ദ്രൻ, പുത്തൻപുരക്കൽ, തലവടി | 5.06.2021/ 2.07.2021 | വാർദ്ധക്യകാല പെൻഷൻ 478583818525 | 5/2021-10 /2021വരെ = 9,600/- | ” |
| 11 | കാർത്ത്യായനി മാധവൻ, വലിയപറമ്പിൽ, തലവടി | 30.05.2021/ 7.07.2021 | കർഷക തൊഴിലാളി പെൻഷൻ 407433217650 | 5/2021-10 /2021വരെ = 9,600/- | ” |
| 12 | പെണ്ണമ്മ, വെള്ളത്തേടത്ത്, തലവടി | 9.06.2021/ 7.07.2021 | കർഷക തൊഴിലാളി പെൻഷൻ 671065689893 | 6/2021-10 /2021വരെ = 8,000/- | ” |
| 13 | മറിയാമ്മ ചാക്കോ, ആഞ്ഞിലിമൂട്ടിൽ, തലവടി | 29.05.2021/ 7.07.2021 | വാർദ്ധക്യകാല പെൻഷൻ 832074910618 | 5/2021-10 /2021വരെ = 9,600/- | ” |
| 14 | കുട്ടിയമ്മ, പുത്തൻചിറ വീട്, തലവടി | 31.05.2021/ 17.08.2021 | കർഷക തൊഴിലാളി പെൻഷൻ 801025644113 | 5/2021-9 /2021വരെ = 8000/- | ” |
| 15 | പെണ്ണമ്മ, എരുമത്തറ, തലവടി | 5.05.2021/ 24.09.2021 | കർഷക തൊഴിലാളി പെൻഷൻ 766594256406 | 6/2021-10 /2021വരെ = 8000/- | ” |

ബാങ്കുകളുടെ അക്കൌണ്ടിൽ ഇപ്രകാരം വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ള ആകെ തുക തിട്ടപ്പെടുത്തി, കണക്ക് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകേണ്ടതും ഡിബിറ്റി സെല്ലിലേക്ക് തുക തിരികെ ഒടുക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതുമാണ്. നേരിട്ട് പെൻഷൻ വിതരണം ചെയ്യുന്ന സംഗതികളിൽ ഏതൊക്കെ സഹകരണ ബാങ്കുകൾ വഴിയാണ് പെൻഷൻ വിതരണം നടത്തുന്നതെന്നും, ഇപ്രകാരം വിതരണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള സഹകരണ ബാങ്കുകൾ എല്ലാ മാസവും മരണപ്പെട്ട ഗുണഭോക്താക്കളുടെ റിപ്പോർട്ട് ലഭ്യമാക്കുന്നുണ്ടോയെന്ന വിവരവും അറിയിക്കേണ്ടതാണ്.

## 1-15 ലൈഫ് മിഷൻ- ഭവന നിർമ്മാണം ഘട്ടം 2, ഘട്ടം 3 -പട്ടികജാതി വിഭാഗം -പ്രവൃത്തി ആരംഭിച്ചില്ല -80,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2021-22 സാമ്പത്തികവർഷം വി.ഇ.ഒ. നിർവ്വഹണം ചെയ്ത ലൈഫ് മിഷൻ പ്രോജക്ടിന്റെ വിവരം താഴെ ചേർക്കുന്നു.

പ്രോജക്ട് നം. -S0011/22

പ്രോജക്ടിന്റെ പേര് -ലൈഫ് മിഷൻ- ഭവന നിർമ്മാണം ഘട്ടം 2, ഘട്ടം 3 -പട്ടികജാതി വിഭാഗം

വകയിരുത്തൽ

വികസനഫണ്ട് (എസ്.സി.പി) -14,00,000/-

സംസ്ഥാനാവിഷ്കൃതഫണ്ട് -10,00,000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം -8,00,000/-

ആകെ അടങ്കൽ - 32,00,000/-

പ്രോജക്ട്ഫയൽ, ബില്ലുകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, മേൽ ബിൽ പ്രകാരം താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനായി 40,000/- രൂപ വീതം കൈപ്പറ്റി. എന്നാൽ നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | വാർഡ് നം. | തുക കൈപ്പറ്റിയ തീയതി | ബിൽ നം./തീയതി/ ഫണ്ടിനം |
|---|---|---|---|---|
| 1 | സുധ ഓമനക്കുട്ടൻ കുന്നിത്തറ പാണ്ടങ്കരി പി.ഒ., എടത്വ | 7 | 24.08.21 | ബിൽ നം.3/21-22 /25.05.21/ വികസനഫണ്ട് (എസ്.സി.പി) |
| 2 | സതീശൻ കുതിരച്ചാൽ പുതുവേൽ നീരേറ്റുപുറം പി.ഒ., തലവടി | 7 | 30.06.21 | 30.06/21 സംസ്ഥാനാവിഷ്കൃതഫണ്ട് |

മേൽ ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തതിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 5 തീയതി. 30.01.23),താഴെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി.

പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ, സുധ ഓമനക്കുട്ടന് 17.10.22 തീയതിയിൽ പഞ്ചായത്തിൽ നിന്നും രജിസ്റ്റേഡ് കത്ത് അയച്ചു. ആയതിന് കൂലി വേല ചെയ്യുന്ന സുധ ഓമനക്കുട്ടന്റെ കുടുംബത്തിന് സാമ്പത്തിക ബുദ്ധിമുട്ട് മൂലമാണ് പ്രവൃത്തി ആരംഭിക്കാൻ കഴിയാഞ്ഞതെന്നും, ഉടനെ പ്രവൃത്തി ആരംഭിക്കാമെന്നും ഗുണഭോക്താവ് മറുപടി നൽകി. സതീശൻ, കുതിരച്ചാൽ പുതുവേൽ എന്ന ഗുണഭോക്താവ് തെങ്ങുകയറ്റ തൊഴിലാളിയാണ്. തെങ്ങിൽ നിന്നും വീണ് ചികിത്സയിൽ ആയതിനാൽ പണിക്ക് പോകാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക ബുദ്ധിമുട്ട് കാരണം പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞില്ല. ടിയാന്റെ കുടുംബാംഗങ്ങൾ ഏറ്റെടുത്ത് പ്രവൃത്തി ഉടനെ നടത്തുമെന്ന് അറിയിച്ചിട്ടുണ്ട്.
മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. 80,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 ഐ.കെ.എം. വിഹിതം- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തുക 60,640/- തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - S0001/22

പ്രോജക്ടിന്റെപേര് - ഐ.കെ.എം. വിഹിതം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് - 60,640/-

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷന്റെ എസ്.ബി.ഐ, നന്ദൻകോട് പേർസണൽ ബാങ്കിംഗ് ശാഖ, 57047023512 നം.അക്കൗണ്ടിൽ 60,640/-രൂപ നൽകി.(ബിൽ നം.7/21-22/27.07.21തുക.60640/-).എന്നാൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 08/ 02.02.23) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 60,640/- തടസ്സപ്പെടുത്തുന്നു.

## 1-17 പാലിയേറ്റീവ് കെയർ - ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായില്ല - 10,214/-തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - S 0052/22

പ്രോജക്ടിന്റെ പേര് - പാലിയേറ്റീവ് കെയർ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

വകയിരുത്തൽ

വികസന ഫണ്ട് - 6,00,000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 2,00,000/-

ആകെ അടങ്കൽ - 8,00,000/-

മേൽ പ്രോജക്ടിൽ നിന്നുള്ള ചെലവിൽ അപാകതയുള്ളതിന്റെ വിവരം താഴെ കൊടുക്കുന്നു.

ബിൽ നം.14/10.03.22 തുക.43939/-(വികസന ഫണ്ട്)

KMSCL ന്റെ 21.01.22 ലെ PRF 4990 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം താഴെ ചേർക്കുന്ന 6 ഇനം ഉപകരണങ്ങൾക്കായി 43,939/-രൂപ നൽകി.

| Sl.no | Item | Qty | Rate | CGST | SGST | തുക |
|---|---|---|---|---|---|---|
| 1 | Walking Stick | 5 | 380.89 | 47.61 (2.5%) | 47.61 (2.5%) | 1999.67 |
| 2 | Air Bed | 5 | 1796.88 | 539.06 (6%) | 539.06 (6%) | 10062.52 |
| 3 | Walker | 10 | 926.62 | 231.66 (2.5%) | 231.66 (2.5%) | 9729.52 |
| 4 | Water Bed | 2 | 872.77 | 104.73 (6%) | 104.73 (6%) | 1955 |
| 5 | Wheel Chair | 3 | 4123.90 | 309.29 (2.5%) | 309.29 (2.5%) | 12990.28 |
| 6 | Back Rest | 2 | 2090.47 | 376.28 (9%) | 376.28 (9%) | 4933.50 |
| Total | | | | | | 38453.23 |
